ഡിസ്പെൻസറി

*ചോദ്യം 8. (എ) സംഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനാപുരത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ടു്.

(ബി) ആലോചനയിൽ ഇരിക്കുന്നു.

കോൾഡ് സ്റ്റോറേജ്

*ചോദ്യം 9. (ചോ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ. താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കേന്ദ്രഗവണ്മെണ്ടിന്റെ സഹായത്തോടുകൂടി നമ്മുടെസ്റ്റേറ്റിൽ മുന്നു കോൾഡ് സ്റ്റോറേജ് സ്ഥാപനങ്ങളും സഹകരണസംഘങ്ങളും വഴി നടത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു് ഒരു ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ആ ശുപാർശയിന്മേൽ ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, കൃഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കോവാപ്പറേറ്റീവു് റജിസ്ട്രാരുടെ ഒരു ശുപാർശ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യത്തിൽ പറയുന്നതു് "കേന്ദ്രഗവണ്മെൻറിന്റെ സഹായത്തോടുകൂടി നമ്മുടെ സ്റ്റേറ്റിൽ മുന്നു കോൾഡു സ്റ്റോറേജ് സ്ഥാപനങ്ങളും സഹകരണസംഘങ്ങളും വഴി നടത്തുന്നതിനെ" സംബന്ധിച്ചാണു്. അതിനു് ഇല്ലെന്നാണു് ഉത്തരം പറഞ്ഞതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇവിടെ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് സഹകരണസംഘം റജിസ്ട്രാരിൽനിന്നും യാതൊരു ശുപാർശയും ലഭിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കോൾഡ്സ്റ്റോറേജു സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് കോവാപ്പറേറ്റീവു് റജിസ്ട്രാരുടെ ശുപാർശ കിട്ടിയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു് എന്തുനടപടി എടുത്തു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്. പൂർത്തിയായിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ ഒക്കെ ആയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കുറെ ആയിട്ടുള്ളതു് എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ റിപ്പോർട്ട് സെക്രട്ടറിയേറ്റിൽ കിട്ടിയിട്ടുണ്ടു്. സെക്രട്ടറിയേറ്റിൽ ക്രമപ്രകാരമുള്ള നടപടികൾ പൂർത്തിയായാൽ അതിനെസംബന്ധിച്ചു് അവസാനതീരുമാനം ചെയ്യുന്നതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവണ്മെൻറുവകയായി ഒരു കോൾഡ് സ്റ്റോറേജുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരെണ്ണം ഉണ്ടെന്നു തോന്നുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതിപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രവർത്തനം നടത്തുന്നില്ലെന്നാണു് തോന്നുന്നതു്. ഞാൻ ഓർമ്മയിൽനിന്നും പറയുകയാണു്; ശരിയാണോ എന്നു നിശ്ചയമില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ സംസ്ഥാനത്തെ ഫിഷറീസ് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതും ഉൾപ്പെട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. വെസ്റ്റ്കോസ്റ്റ് ഫിഷറീസിന്റെ വകയായി ഒരു കോൾഡ്സ്റ്റോറേജ് സ്ഥാപനം ഉണ്ടു്. അതിപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: കോൾഡ്സ്റ്റോറേജ് ഇല്ലാത്തതുകൊണ്ടു് നമുക്കു് എത്രമത്സ്യം നഷ്ടപ്പെടുന്നുണ്ടെന്നു് വല്ല കണക്കുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു കണക്കുകളില്ല. എങ്കിലും കോൾഡ്സ്റ്റോറേജുണ്ടെങ്കിൽ മത്സ്യവ്യവസായം കൂടുതൽ ഫലവത്തായി നടത്താൻ സാധിക്കുമെന്നാണു് അറിയുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: തിരുവനന്തപുരം കോർപ്പറേഷനും മറ്റു മുനിസിപ്പാലിറ്റികളും കോൾഡ്സ്റ്റോറേജ് ഉണ്ടാക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഇവിടെ ഒരു കോൾഡ്സ്റ്റോറേജുള്ളതു പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല. അന്വേഷിച്ചുപറയാം.

## അദ്ധ്യാപക പ്രോവിഡൻറ് ഫണ്ടു്

*൨൯൩. (൨൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു അദ്ധ്യാപകൻ ജോലിയിൽനിന്നു വിരമിച്ചുകഴിഞ്ഞാൽ എത്ര സമയത്തിനുള്ളിൽ അയാളുടെ പേരിലുള്ള പ്രോവിഡൻറ് ഫണ്ടു തുക അയാൾക്കു കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly